(സി) 31-12-2000-ൽ തീരുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്.

(ഡി) ഉണ്ട്.

(ഇ) 761.71 ലക്ഷം രൂപ

പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിലെ ചീഫ് എൻജിനീയറുടെ മൊത്തം തുക

153 (3030) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിലെ വിവിധ ശീർഷകങ്ങളിൽ ചീഫ് എൻജിനീയറുടെ മൊത്തം തുക എന്ന ഇനത്തിൽ എത്ര വീതം തുക വകയിരുത്തിയിരുന്നു ;

(ബി) ഇതിൽ ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് നൽകുമോ ;

(സി) ഇതിൽ മന്ത്രിയുടെ ഉത്തരവിൻ പ്രകാരം എത്ര തുക ചെലവഴിച്ചുവെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിലെ വിവിധ ശീർഷകങ്ങളിൽ 1367.57 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല. ചീഫ് എൻജിനീയറുടെ മൊത്തം തുകയുടെ പ്രത്യേകമായ കണക്ക് ലഭ്യമല്ല. അതിനാൽ 1999-2000 -ലെ ബഡ്ജറ്റിലെ മൊത്തം തുകയുടെ ഡിവിഷൻ തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) തുക ചെലവഴിക്കുന്നതിന് മന്ത്രി ഉത്തരവ് നൽകാറില്ല.

പടിഞ്ഞാറത്തറ-പൂഴിത്തോട്-പെരുവണ്ണാമുഴി റോഡിന്റെ നിർമ്മാണം

154 (3031) ശ്രീ കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയും കോഴിക്കോടു ജില്ലയും തമ്മിൽ ബന്ധിപ്പിക്കുന്ന പടിഞ്ഞാറത്തറ-പൂഴിത്തോട്-പെരുവണ്ണാമുഴി റോഡിന്റെ നിർമ്മാണം സ്തംഭനാവസ്ഥയിലാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കാമോ ;

(സി) ഈ റോഡിന്റെ നിർമ്മാണം ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - XIV

[23-3-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 153 (3030) -ന്റെ 'ബി' ഉത്തരം ദയവായി കാണുക]

തിരുവനന്തപുരം	220. 42 ലക്ഷം രൂപ
കൊല്ലം	103.13 ലക്ഷം രൂപ
ആലപ്പുഴ	106. 70 ലക്ഷം രൂപ
പത്തനംതിട്ട	84. 84 ലക്ഷം രൂപ
കോട്ടയം	236. 19 ലക്ഷം രൂപ
എറണാകുളം	220. 71 ലക്ഷം രൂപ
തൃശ്ശൂർ	60. 74 ലക്ഷം രൂപ
ഇടുക്കി	228. 59 ലക്ഷം രൂപ
കോഴിക്കോട്	103. 66 ലക്ഷം രൂപ
മഞ്ചേരി	299. 90 ലക്ഷം രൂപ
പാലക്കാട്	232. 99 ലക്ഷം രൂപ
കണ്ണൂർ	122. 57 ലക്ഷം രൂപ
കാസർകോഡ്	10. 67 ലക്ഷം രൂപ
വയനാട്	34. 20 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly